# ഗ്ലോബൽ ക്നാനായ നവീകരണ കോൺഫ്രൻസ്

## <u>പ്രാരംഭ അറിയിപ്പ്</u>

ക്നാനായ പ്രതിനിധികളുടെ ഒരു രാജ്യാന്തര സമ്മേളനം **2019 ആഗസ്റ്റ് 31 ന്** KANA, KCNS, KRM എന്നീ സംഘടനകളുടെ നേതൃത്വത്തിൽ **കോട്ടയത്ത് ശാസ്ത്രി റോഡിലുള്ള ദർശന ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

കോടതിവിധികൾ ഉണ്ടാകുകയും വത്തിക്കാനിൽനിന്നും വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കുകയും ചെയ്തിട്ടും സ്വവംശവിവാഹനിഷ്ഠയുടെ പേരിൽ നടത്തുന്ന പുറത്താക്കൽ നടപടി കോട്ടയം രൂപത ഇതുവരെ അവസാനിപ്പിച്ചിട്ടില്ല. KANA യുടെ പൗരസ്ത്യ തിരുസംഘവുമായിട്ടുള്ള നിരന്തരമായ ഇടപെടലുകളുടേയും സമുദായ സ്നേഹികളായ ക്നാനയ സഹോദരങ്ങളുടെ പ്രാർത്ഥനകളുടേയും ഫലമായി ലഭിച്ചിട്ടുള്ള കോടതി ഉത്തരവുകളും പൗരസ്ത്യ തിരുസംഘത്തിൽ നിന്നുള്ള കല്പനകളും ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരങ്ങളെ ബോദ്ധ്യപ്പെടുത്തുകയാണ് ഈ സമ്മേളനത്തിന്റെ പ്രഥമ ഉദ്ദേശം.

കുടുംബങ്ങളുടെ ഐക്യവും ബന്ധങ്ങളും ശക്തിപ്പെടുത്തി വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ക്നാനായ സമുദായത്തെ രക്ഷപെടുത്തുന്നതിന് നിയമവിരുദ്ധമായി നടത്തിക്കൊണ്ടിരിക്കുന്ന സ്വവംശ വിവാഹനിഷ്ഠയുടെ പേരിലുള്ള പുറത്താക്കൽ നടപടി എത്രയും വേഗം അവസാനിപ്പിക്കേണ്ടത് സമുദായത്തെ സ്നേഹിക്കുന്ന ഓരോ ക്നാനായക്കാരന്റേയും ഉത്തരവാദിത്വവും അവകാശവുമാണെന്നുള്ള വസ്തുത സമുദായത്തെ ബോദ്ധ്യപ്പെടുത്തുകയാണ് സമ്മേളനത്തിന്റെ രണ്ടാമത്തെ ഉദ്ദേശം.

''ഏകവും, പരിശുദ്ധവും ശ്ലൈകികവും, സാർവ്വത്രികവുമായ കത്തോലിക്കാ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു'' എന്ന് ഓരോ കത്തോലിക്കരോടൊപ്പം വിശ്വാസപ്രമാണത്തിൽ ക്നാനയക്കാരും ഏറ്റുപറയുന്നില്ലേ? ഇന്ത്യൻ ഭരണഘടനയും കാനോൻ നിയമങ്ങളും ക്നാനയക്കാരും പാലിക്കേണ്ടവരല്ലേ? കത്തോലിക്കാ സഭയിലെ ഓരോ രൂപതയും സാർവ്വത്രികമായിരിക്കണം. ഒരു സമുദായത്തിനുമാത്രമായി സഭയിൽ രൂപത അനുവദിക്കുന്നില്ല. എന്നാൽ എല്ലാ സമുദായക്കാർക്കും ഒരു രൂപതയിൽ അംഗമാകാം. അതുകൊണ്ടാണ് പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫക്റ്റ് കാർഡിനൽ ലിയനാർഡോ സാന്ദ്രി കോട്ടയം രൂപതാ മെത്രാന്മാരോട് ''ആദ്യമേ ക്രിസ്ത്യാനിയാകൂ'' എന്നും പറഞ്ഞതും പുറത്താക്കൽ നടപടി അവസാനിപ്പിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള രണ്ടാമത്തെ കല്പന കൊടുത്തതും. പൗരസ്ത്യ തിരുസംഘത്തിന്റെ കല്പന എത്രയും വേഗം നടപ്പാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു നിവേദനം കോട്ടയം അതിരൂപതാ മെത്രാപ്പോലിത്താക്ക് സമർപ്പിക്കുക എന്നതാണ് സമ്മേളനത്തിന്റെ മറ്റൊരു അജണ്ട.

സെമിനാർ, ചർച്ചകൾ, പൊതുസമ്മേളനം, നിവേദനസമർപ്പണം എന്നിവയുൾപ്പടെ ഒരു ദിവസത്തെ പരിപാടികളാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. വിശദമായ നോട്ടീസ് താമസിയാതെ പ്രതീക്ഷിക്കാം. ദേശീയ ന്യൂനപക്ഷ കമ്മീഷൺ ഉപാദ്ധ്യക്ഷൻ ശ്രീ. ജോർജ്ജ് കുര്യൻ, റിട്ട: ഹൈക്കോടതി ജഡ്ജി ശ്രീ. കമാൽഭാഷ, ബിജു ഉതുപ്പ് കേസിന്റെ ആദ്യത്തെ വിധി പ്രഖ്യാപിച്ച ശ്രീ. ജോർജ്ജ് ഉമ്മൻ, പ്രൊഫസർ ശ്രീമതി ശാരദക്കുട്ടി മുതലായവർ സമ്മേളനത്തിൽ പങ്കെടുക്കുന്നു. പ്രതിനിധികൾ ചർച്ചകൾക്കും ചോദ്യങ്ങൾക്കും തയ്യാറെടുപ്പുകൾ നടത്തി ഒരുങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

| | | |
|---|---|---|
| ജനറൽ സെക്രട്ടറി | ജനറൽ സെക്രട്ടറി | ജനറൽ സെക്രട്ടറി |
| KANA | KRM | KCNS |